**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 505** — **25.10.2016 ൽ മറുപടിയ്ക്ക്**

## സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.വി.അൻവർ**<br>**ശ്രീ.എ. പ്രദീപ്കുമാർ**<br>**ശ്രീ.എം.നൗഷാദ്**<br>**ശ്രീ. രാജു എബ്രഹാം** | | **ശ്രീ.പിണറായി വിജയൻ**<br>**(ബഹു.മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനയുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ ; | (എ) | വിലയിരുത്താറുണ്ട്. |
| (ബി) യുവജനശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സമന്വയിപ്പിക്കുന്നതിനുമായി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;<br>(സി) തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് തൊഴിൽ കണ്ടെത്തുന്നതിനും, അവർക്ക് പരിശീലനം നൽകുന്നതിനുമായി യൂത്ത് ക്ലബ്ബുകൾ, സംഘടനകൾ എന്നിവയ്ക്ക് ബോർഡ് എന്തൊക്കെ സഹായങ്ങളാണ് നിലവിൽ നൽകുന്നതെന്ന് വിശദമാക്കാമോ ? | (ബി) & (സി) | യുവജനശാക്തീകരണ പ്രവർത്തനങ്ങൾ സമന്വയിപ്പിക്കുന്നതിനും,നടപ്പിലാക്കുന്നതിനും തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് തൊഴിൽ കണ്ടെത്തുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. തൊഴിൽരഹിതരായ യുവാക്കൾക്ക് വേണ്ടി ജോബ് ഫെസ്റ്റുകൾ, ജീവദായിനി രക്തദാന പദ്ധതി, യുവാക്കളെ യുവ സംരംഭകരാക്കുന്നതിലേയ്ക്ക് സംരംഭകത്വ വികസന പരിശീലന പരിപാടികൾ, പ്രകൃതി ദുരന്തത്തിനിരയാകുന്നവർക്കായി ദുരന്ത നിവാരണസേന, മദ്യം, മയക്കമരുന്ന് തുടങ്ങിയ സാമൂഹിക വെല്ലുവിളികൾക്കെതിരെ യുവജാഗ്രതാ യാത്ര, യുവജനങ്ങളെ സാമൂഹിക സേവനത്തിന് സജ്ജമാക്കുന്നതിനായി പുനർജ്ജനി, കാർഷിക വികസന പരിപാടികൾ, യുവജനങ്ങളിൽ ദേശീയബോധം വളർത്തുന്നതിനായി ദേശിയോദ്ഗ്രഥന ക്യാമ്പുകൾ, പി.എസ്.സി/ഐ.ബി.പി.എസ്, സൗജന്യ പരിശീലന പദ്ധതി, ഡി.റ്റി.പി/പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ, സൗജന്യ പരീക്ഷാ പരിശീലന പരിപാടികൾ, നാടൻ കലാമേളകൾ, ഗോത്രവർഗ്ഗ കലാമേളകൾ, |

പെയിന്റിംഗ് ശിൽപശാല, നേതൃത്വ പരിശീലന ക്യാമ്പുകൾ, വ്യക്തിത്വ വികസന പരിശീലനം, കൂടാതെ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വയംതൊഴിൽ പരിശീലനം/ബോധവൽക്കരണ പരിപാടികൾ/കാർഷിക വികസന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനായുള്ള പ്രോജക്ടുകൾക്ക് ധനസഹായം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ